# സ്മാർട്ട് സിറ്റി പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യമെന്ത്?

**സി.ആർ.എൻ.**

**ആഗോള** ഐ.ടി. ഭീമന്മാർക്ക് കമ്പനികൾ സ്ഥാപിക്കാൻ സഹായകമാകുന്ന വിധത്തിലുള്ള ഒരു 'സ്മാർട്ട് സിറ്റി' കൊച്ചിക്കടുത്ത് സ്ഥാപിക്കാൻ പോകുന്നുവെന്നും ഇതിനായി ഒരു ദുബായി കമ്പനിയുമായി ഉടനെത്തന്നെ ധാരണാപത്രം ഒപ്പിടുന്നതാണെന്നും മുഖ്യമന്ത്രി പറയുന്നു. കേരളത്തിന്റെ വികസനരംഗത്ത് വൻ കുതിച്ചുചാട്ടം ഉണ്ടാകുന്നതിന് സഹായകമാണ് ഈ പദ്ധതിയെന്ന് സർക്കാരും ഈ പദ്ധതിയെ പിന്താങ്ങുന്നവരും പറയുമ്പോൾ, കേരളം കണ്ടിട്ടുള്ള ഏറ്റവും വലിയ റിയൽ എസ്റ്റേറ്റ് കുംഭകോണമാണിതെന്ന് ഉത്തരവാദപ്പെട്ട രാഷ്ട്രീയ നേതാക്കളും മാദ്ധ്യമങ്ങളും വിദഗ്ദ്ധരും പറയുന്നു. സാധാരണ ജനങ്ങൾ - പ്രത്യേകിച്ചും അഭ്യസ്തവിദ്യരായ യുവതീയുവാക്കളും അവരുടെ മാതാപിതാക്കളും - ഐ.ടി. തുടങ്ങിയ വികസന മേഖലകൾ ധാരാളം തൊഴിലവസരങ്ങൾ നൽകുമെന്ന് പ്രതീക്ഷിക്കുന്നവരാണ്. അതുകൊണ്ടുതന്നെ ഇത്തരം പ്രഖ്യാപനങ്ങൾ അവരെ ആകർഷിക്കുന്നു. അവർ ഇതിനെ പിന്തുണക്കുന്നു. ഈ പദ്ധതികളെ എതിർക്കുന്നവരെ 'വികസന വിരുദ്ധരെ'ന്ന് വിളിച്ച് ആക്ഷേപിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്യാൻ ഭരണകർത്താക്കൾക്ക് എളുപ്പമാകുന്നു.

പക്ഷെ മുൻകാലങ്ങളെപ്പോലെ അത്ര എളുപ്പത്തിൽ ഇതു ചെയ്യാൻ കഴിയാത്ത ഒരു സാഹചര്യവുമുണ്ട്. ഇതിലും വലിയ പ്രചാരണ കോലാഹലങ്ങളോടെയാണ് രണ്ടുമൂന്നു വർഷങ്ങൾക്കുമുമ്പ് കൊച്ചിയിൽ വച്ച് ആഗോള നിക്ഷേപക സംഗമം (ജിം) എന്ന മാമാങ്കം നടത്തിയത്. വികസന വിരുദ്ധരെന്ന പഴി ഒഴിവാക്കാൻ വേണ്ടിത്തന്നെയാകണം, പ്രതിപക്ഷവും ഇതുമായി സഹകരിച്ചു. അതിലും പതിനായിരക്കണക്കിനു കോടികളുടെ നിക്ഷേപം വരുന്നതിന്റേയും ലക്ഷക്കണക്കിനു യുവാക്കൾക്ക് തൊഴിൽ നൽകുന്നതിന്റേയും കണക്കുകൾ പറഞ്ഞിരുന്നു. എന്നാൽ ജിമ്മിലൂടെ നടപ്പിലാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ച വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ (സർക്കാർ നേരിട്ടു നൽകാൻ തയ്യാറായില്ല. ചില പത്രപ്രവർത്തകർ ചികഞ്ഞെടുത്തതാണ്) പുറത്തുവന്നതോടെ ജനങ്ങളുടെ നിലപാടിൽ മാറ്റം വന്നു. മലമ്പുഴ, പെരിയാർ ജല വിൽപന, കേരളത്തെ നെടുകെ പിളർക്കുകയും മുപ്പതിനായിരത്തിലധികം കുടുംബങ്ങളെ വഴിയാധാരമാക്കുകയും നിരവധി പാരിസ്ഥിതിക സാമൂഹ്യ ദുരന്തങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന എക്സ്പ്രസ്സ് ഹൈവേ, ആഴക്കടൽ മണൽഖനനം, ആലപ്പുഴ തീരത്തെ കരിമണൽ ഖനനം തുടങ്ങിയ പദ്ധതികൾക്കെതിരെ ജനകീയ സമരനിരകൾ ഉയർന്നു. ഇവയോരോന്നിലൂടെയും നടത്താൻ ഉദ്ദേശിച്ചിരുന്ന അഴിമതികളുടേയും മറ്റും വിവരങ്ങളും പുറത്തുവന്നു. ഇന്നിപ്പോൾ ജിം മാമാങ്കത്തിന്റെ ശവക്കല്ലറ ക്കടുത്തു പോകാൻപോലും ആരും തയ്യാറാകുന്നില്ല. പ്രകൃതി വിഭവങ്ങൾ - മണ്ണും വെള്ളവും മണലും കാടും കടലും കടലോരവും - തുച്ഛവിലയ്ക്ക് മൂലധന ശക്തികൾക്കു കൈമാറി, അതിന്റെ കമ്മീഷൻ തട്ടുന്നത് മാത്രമാണ് ഇത്തരം പദ്ധതികളുടെയെല്ലാം ലക്ഷ്യമെന്ന കാര്യം ഇന്നാർക്കുമറിയാം. ഈ സാഹചര്യത്തിൽ, വികസനം, തൊഴിൽ തുടങ്ങിയ വാഗ്ദാനങ്ങൾ എത്ര ശക്തമായി ഉയർത്തിയാലും 'സ്മാർട്ട് സിറ്റി' പദ്ധതിയെപ്പറ്റി ജനങ്ങൾക്ക് ഒട്ടേറെ സംശയങ്ങളുണ്ടാകും.

**പദ്ധതി എങ്ങനെ ?**

ഏറെ സമ്മർദ്ദങ്ങളുടെ ഫലമായിട്ടാണെങ്കിലും, പദ്ധതി സംബന്ധിച്ച കുറെ വിവരങ്ങൾ നൽകാൻ സർക്കാർ തയ്യാറായിട്ടുണ്ട്. ഇനിയും ഒട്ടേറെ ദുരൂഹതകൾ അവശേഷിക്കുന്നുണ്ടുതാനും. എറണാകുളത്തിനു കിഴക്ക് കാക്കനാട്ട്, കിൻഫ്രയെന്ന സ്ഥാപനം, വ്യവസായ വികസനത്തിനായി ഏറ്റെടുത്ത സ്ഥലത്ത് പണി കഴിപ്പിച്ചിട്ടുള്ള, 4 ലക്ഷം ച. അടി വിസ്തീർണ്ണമുള്ള, ഇൻഫോ പാർക്ക് കെട്ടിടവും അതിനോടു ചേർന്നുള്ള 62.27 ഏക്കർ ഭൂമിയുമാണ് ഈ പദ്ധതിയുടെ ഒരു ഭാഗം. ഇത് 109 കോടി രൂപക്ക് സർക്കാർ ദുബായ് ഇന്റർനെറ്റ് സിറ്റി (ഡിഐസി) എന്ന കമ്പനിക്കു നൽകുന്നു. കടമ്പയാർ നദിയുടെ മറുകരയിൽ ബ്രഹ്മപുരം താപനിലയത്തിനുവേണ്ടി സർക്കാർ മുമ്പ് ഏറ്റെടുത്തിട്ടുള്ളതിൽനിന്നും നൂറേക്കർ ഭൂമി ഈ കമ്പനിക്ക് സൗജന്യമായി നൽകും. ഇതിനോടു ചേർന്ന് മറ്റൊരു 136 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്ത് ഇവർക്ക് 36 കോടി രൂപയ്ക്കു നൽകും. അങ്ങനെ മൊത്തം 298.27 ഏക്കർ സ്ഥലവും കെട്ടിടവും 145 കോടി രൂപയ്ക്ക് ഇവർക്കു നൽകും. അടുത്ത രണ്ടു ഘട്ടങ്ങളിൽ 'അതിവേഗ' പദ്ധതിയിൽപ്പെടുത്തി 150 ഏക്കർ വീതം കൂടി ഇവർക്കു നൽകുമെന്നും പറയുന്നു.

ഈ സ്ഥലത്തു ലോകോത്തര ഐടി കമ്പനികൾ പ്രവർത്തനം തുടങ്ങുമെന്നും പത്തു വർഷത്തിനകം ഇവിടെ 33300 പേർക്ക് തൊഴിൽ ലഭിക്കുമെന്നും പദ്ധതിയുടെ പ്രചാരകർ അവകാശപ്പെടുന്നു. ആദ്യ അഞ്ചുവർഷം കൊണ്ട് 5000, അടുത്ത രണ്ടു വർഷം 10000 അവസാന മൂന്നുവർഷം 18300 എന്നിങ്ങനെയാകും തൊഴിൽ കിട്ടുകയെന്നും പറയുന്നു. ഈ തൊഴിൽ നൽകാതിരുന്നാൽ പത്താം വർഷം, കുറവുവരുന്ന ഓരോ തൊഴിലിനും 6000 രൂപ പിഴയീടാക്കാൻ വ്യവസ്ഥയുണ്ടെന്നും സർക്കാർ രേഖകൾ പറയുന്നു. പദ്ധതിയുടെ മൊത്തം മുതൽമുടക്ക് 1500 കോടി രൂപയായിരിക്കുമെന്നും അതിൽ 9 ശതമാനം ഓഹരി സർക്കാരിനായിരിക്കുമെന്നും പറയുന്നു. 2004 ഏപ്രിൽ മുതൽ തുടർച്ചയായി നടത്തിയ ചർച്ചകളുടെ വിജയകരമായ പര്യവസാനമാണിതെന്നും ഇത് സംസ്ഥാനത്തിന് ലാഭകരമായ വ്യവസ്ഥകളാണെന്നും മുഖ്യമന്ത്രി തന്നെ എഴുതുകയും ചെയ്തു. ലോകമാകെ മാറുന്നത് (സ്വകാര്യ കുത്തകകൾ പറയുന്നത് അനുസരിക്കണമെന്ന കാര്യം) കാണാൻ കഴിയാത്തവരാണ് ഈ പദ്ധതിയെ

എതിർക്കുന്നതെന്നും ഇത്രയും തൊഴിൽ കിട്ടുന്ന ഒരു പദ്ധതിക്കുവേണ്ടി അൽപം പഴി കേട്ടാലും ദുഃഖമില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. ഇതിനേക്കാൾ മോശപ്പെട്ട വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ടാണ് പശ്ചിമ ബംഗാളും മറ്റും വിദേശ മൂലധനത്തെ വരവേൽക്കുന്നതെന്നുകൂടി പറഞ്ഞുകൊണ്ട് (ഇടതുപക്ഷം ഇനി മിണ്ടേണ്ടതില്ലെന്നു സൂചിപ്പിച്ചുകൊണ്ട്) തന്റെ "തൊഴിലിനുവേണ്ടി അൽപം സ്മാർട്ടാകാം" എന്ന ലേഖനം മുഖ്യമന്ത്രി അവസാനിപ്പിക്കുന്നു.

**ജിം, പ്ലാച്ചിമട, ഹൈവേ, മണൽഖനനം മുതലായ സമരങ്ങളിൽ ആദ്യം പ്രതികരിക്കാതിരിക്കൽ.**

സമീപകാലത്തുണ്ടായ അമളികളിൽനിന്നുമുള്ള പാഠം ഉൾക്കൊണ്ടതുകൊണ്ടാകാം, ഇടതുപക്ഷം സ്മാർട്ട് സിറ്റിക്കെതിരായി രംഗത്തുവന്നു. ഇവരും ഈ പദ്ധതിയുടെ ഏറ്റവും പ്രധാനമായ പല സംഗതികളും അവഗണിച്ചുവെങ്കിലും പൊതുസമൂഹത്തിൽ പദ്ധതിക്കെതിരായി നിലപാടെടുക്കുന്നവരുടെ എണ്ണം കൂട്ടാൻ ഇതു സഹായിച്ചു. ഇടതുപക്ഷത്തോടടുക്കാൻ തയാറായി നിൽക്കുന്ന നാഷണൽ കോൺഗ്രസ് (ഇന്ദിര) തുടങ്ങിയ കക്ഷികളും രംഗത്തെത്തിയതോടെ ഇത് കക്ഷിരാഷ്ട്രീയ പോരാട്ടമായി മാറി. ഇതുകൊണ്ടുതന്നെ മുഖ്യമന്ത്രിക്ക് വീണ്ടും ലേഖനങ്ങൾ എഴുതേണ്ടിവന്നു.

**സമ്പന്നന്റെ സുഖനഗരം**

ഈ പദ്ധതിയിലെ അഴിമതി, തൊഴിൽ വാഗ്ദാനത്തിലെ പൊള്ളത്തരം തുടങ്ങിയ വിഷയങ്ങൾ പലരും ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ കാതലായ ഒരു തട്ടിപ്പ്, യഥാർത്ഥത്തിൽ ഈ പദ്ധതിയുടെ ലക്ഷ്യം ഐ.ടി സിറ്റിയല്ല മറിച്ച് അതിസമ്പന്നരായ കുറച്ചു പേർക്ക് 'സ്മാർട്ട്' ആയി ജീവിക്കാൻ കഴിയുന്ന 'സിറ്റി' സ്ഥാപിക്കുകയാണെന്ന് ആരും പറയുന്നില്ല. ഇവർക്ക് ആദ്യഘട്ടത്തിൽ നൽകുന്ന 298.27 ഏക്കറിൽ നൂറേക്കർ മാത്രമേ പരമാവധി ഐ.ടി ക്കുവേണ്ടി ഉപയോഗിക്കുന്നുള്ളൂ. (യഥാർത്ഥത്തിൽ അത്രപോലും ആവശ്യമില്ലെന്ന് മറ്റിടങ്ങളിലെ അനുഭവങ്ങൾ തെളിയിക്കുന്നുമുണ്ട്) ബാക്കി സ്ഥലത്ത് വീടുകളും സ്കൂളും കളിസ്ഥലവും സ്വിമ്മിങ്ങ് പൂളും നിർമ്മിക്കുകയാണ്. ഇവയ്ക്ക് ഐ.ടി. യുമായി എന്തു ബന്ധം ? തിരുവനന്തപുരത്ത് അനേക കോടികൾ ചിലവ് ചെയ്ത് നിർമ്മിച്ച ടെക്നോപാർക്കിൽ പാതി ഒഴിഞ്ഞു കിടക്കുന്നു. അവിടെ നിലവിലുണ്ടായിരുന്ന പല കമ്പനികളും പൂട്ടിപ്പോയി. ഇപ്പോൾ കൈമാറ്റം ചെയ്യുന്ന ഇൻഫോപാർക്കിൽ ഈ 'സ്മാർട്ട്' നഗരമൊന്നുമില്ലാതെ തന്നെ ഈ കമ്പനികൾ - വിപ്രോ, ടി.സി.എസ് തുടങ്ങിയവയടക്കം - പ്രവർത്തിക്കുന്നു. ആയിരത്തോളം പേർക്ക് അവിടെ ജോലിയുമുണ്ട്. ഇനിയും അവിടെ ധാരാളം സ്ഥലം ഒഴിഞ്ഞു കിടക്കുന്നു. കാക്കനാട്ടു തന്നെ സ്ഥിതി ചെയ്യുന്ന 'പ്രത്യേക സാമ്പത്തിക മേഖല' (എസ്.ഇ.ഇസെഡ്) യിൽ നൂറുകണക്കിനേക്കർ സ്ഥലം ഒഴിഞ്ഞു കിടക്കുന്നു. വിവിധ സൗജന്യങ്ങൾ ലഭ്യമായ ഈ സ്ഥലത്ത് പല കെട്ടിടങ്ങളും ഒഴിഞ്ഞു കിടക്കുന്നു. ഇതും ഐ.ടി. കമ്പനികൾക്ക് സൗജന്യമായി നൽകാം. ഇതൊന്നും പരിഗണിക്കാത്തതിന് ഒരൊറ്റ കാരണമേയുള്ളൂ.... ഭൂമി വളരെ അപൂർവ്വ വിഭവമായ കേരളത്തിൽ, പ്രത്യേകിച്ചും കൊച്ചിയിൽ, അതിസമ്പന്നരായ സ്വദേശി-വിദേശികൾക്ക് 'ഭിക്ഷക്കാർക്കും സമരക്കാർക്കും മാദ്ധ്യമങ്ങൾക്കും പ്രവേശനമില്ലാത്ത' സുഖജീവിതം നയിക്കാൻ കുറെ ഭൂമി വേണം. അതു നൽകാനാണീ പദ്ധതി. ഇതല്ല പദ്ധതിയുടെ ലക്ഷ്യമെങ്കിൽ, സർക്കാരിന്റെ ഐ.ടി. നയമനുസരിച്ചുള്ള (നൂറു തൊഴിലിന് 30 സെന്റ്) മാത്രം സർക്കാർ നൽകട്ടെ.

സമ്പന്നർക്കു സുഖവാസകേന്ദ്രം സ്ഥാപിക്കാൻ ഭൂമി നൽകുന്നതിനെ പരസ്യമായി ന്യായീകരിക്കാനും ഇപ്പോൾ മുഖ്യമന്ത്രിയും കൂട്ടരും തയാറായിരിക്കുന്നുവെന്നതാണ് പുതിയ സംഭവവികാസം. ഐടി മേഖലയിലും മറ്റും ജോലി ചെയ്യുന്നവർക്ക് ഭാരിച്ച (മാസം 50,000 രൂപയും മറ്റും) ശമ്പളം കിട്ടും. അവർക്ക് യോജിച്ച വിധത്തിലുള്ള താമസ സൗകര്യം കൊച്ചിയിലില്ല. ജർമ്മനിയിലെ കാർ കമ്പനിയായി ബി.എം.ഡബ്ല്യു. കേരളത്തിൽ മുതൽ മുടക്കാൻ തയ്യാറായി വന്നതാണ്. എന്നാൽ അവരുടെ ഉദ്യോഗസ്ഥർക്ക് താമസിക്കാൻ അനുയോജ്യമായ വീടുകൾ ഇവിടെയില്ലെന്നതു മൂലമാണത്രേ അവർ ഇവിടെനിന്നും പോയത്. ആ 'പ്രശ്നം' പരിഹരിക്കാൻ വേണ്ടിയാണ് ഇരുന്നൂറേക്കർ ഭൂമിയെടുക്കുന്നതെന്നാണ് സർക്കാർ വ്യാഖ്യാനം. ഈ വൻകിട വരുമാനക്കാർക്ക് എന്തുവില നൽകിയും സ്ഥലംവാങ്ങി വീടു വയ്ക്കാം. അതിനു സർക്കാർ ഭൂമി നൽകേണ്ട ആവശ്യമില്ല. വീടും നീന്തൽകുളവും സ്കൂളും മറ്റും നിർമ്മിക്കാൻ വേണ്ട സ്ഥലം ഈ സമ്പന്നന്മാർ സ്വന്തം പണം കൊടുത്തു വാങ്ങട്ടെ.. ആദിവാസികൾ തോക്കിനെപ്പോലും നേരിട്ട് സമരം ചെയ്തിട്ടും സർക്കാർ വാഗ്ദാനം നൽകിയിട്ടും ഇതുവരെ അവർക്കു വേണ്ടി ഭൂമി നൽകാനായിട്ടില്ല. ലോകം മുഴുവൻ പണം നൽകിയിട്ടും അങ്ങേയറ്റം ദുരിതമനുഭവിക്കുന്ന സുനാമി ദുരിത ബാധിതർക്ക് വീടും വച്ചു നൽകാൻ കഴിയാതെ ഏതു നിമിഷവും മൺസൂൺ തിരകൾക്കിരയാകുമെന്ന ഭീതിയിൽ കഴിയുന്നു. അതിനേക്കാളൊക്കെ പ്രധാനമാണല്ലോ ഈ സമ്പന്നർക്കു സുഖവാസകേന്ദ്രമുണ്ടാക്കുന്ന ഈ റിയൽ എസ്റ്റേറ്റ് പദ്ധതി. എക്സ്പ്രസ്സ് ഹൈവേ പദ്ധതിയുടെ പിന്നിലും ഇതേ ലക്ഷ്യമുണ്ടായിരുന്നുവെന്ന് നമുക്കു മനസ്സിലായിരുന്നു. ഈ റിയൽ എസ്റ്റേറ്റും അതിന്റെ കമ്മീഷനും ഇല്ലായെങ്കിൽ മുഖ്യമന്ത്രിയടക്കം ഇതിൽനിന്നു പിന്മാറും. ഇത് ഒരു വെല്ലുവിളി തന്നെയാണ്. സമ്പന്നരായ പതിനായിരക്കണക്കിനു മനുഷ്യർ ഈ ചെറുപ്രദേശത്ത് താമസിക്കാനെത്തുമ്പോൾ ഇവർക്കു വേണ്ട വെള്ളം, വൈദ്യുതി, ഗതാഗത സൗകര്യങ്ങൾ, മാലിന്യസംസ്കരണ സംവിധാനങ്ങൾ മുതലായവക്ക് ആ പ്രദേശത്തെത്തന്നെ ആശ്രയിക്കണം. ഇപ്പോൾത്തന്നെ ജല ദൗർബല്യവും മാലിന്യ സംസ്കരണ പ്രതിസന്ധിയും അനുഭവിക്കുന്ന പ്രദേശമാണിത്. ഒരു കുളിക്ക് മുന്നൂറു ലിറ്റർ (ബാത്ത് ടബ്ബിലാവുമല്ലോ) വീതം വെള്ളം ആവശ്യമാകുന്ന ഇവർക്ക് നൽകിയ ശേഷം മാത്രമല്ലേ നാട്ടുകാർക്ക് കിട്ടൂ. സമ്പന്നരായ ഈ സമൂഹം സൃഷ്ടിക്കുന്ന മാലിന്യങ്ങളുടെ അളവും വളരെ വലുതായിരിക്കും. ഇതും ജനങ്ങളുടെ മേൽവരും. കൊച്ചിയും കാക്കനാടും ഇപ്പോൾത്തന്നെ മാലിന്യ കൂമ്പാരങ്ങൾ നിറഞ്ഞിരിക്കുന്നു. പ്രത്യേക സാമ്പത്തിക മേഖലയുടെയോ സ്വതന്ത്ര വ്യാപാരമേഖലയുടെയോ ആനുകൂല്യങ്ങൾ ഈ പ്രദേശത്തിനു കിട്ടും. കസ്റ്റംസ് തീരുവയും നിയന്ത്രണങ്ങളുമില്ലാതെ ഏത് വിദേശ ഉപഭോഗ ഉൽപ്പന്നങ്ങളും ഇവിടെ ലഭ്യമാകും. (അതിനു പുറത്തു കടത്തുമ്പോഴേ തീരുവ നൽകേണ്ടതുള്ളൂ.) ഇതോടെ തൊട്ടടുത്തുള്ള വ്യാപാരികൾക്കുപോലും ഇതുകൊണ്ട് ഗുണമുണ്ടാകില്ലെന്നർത്ഥം.

### തൊഴിൽ ലഭ്യത

സാധാരണ ഏതു വ്യവസായം വരുമ്പോഴും നാം ആദ്യം ഉയർത്തുന്ന ചോദ്യം അവിടെയെത്ര പേർക്ക് പണി കിട്ടും എന്നാണ്. ഓരോ കമ്പനിയുടേയും ഉൽപ്പന്നങ്ങളുടെ സ്വഭാവം, ഉൽപ്പാദന പ്രക്രിയകളുടെ സവിശേഷതകൾ, എത്ര മാത്രം യന്ത്രവൽക്കരണം ഉണ്ട് എന്നത് തുടങ്ങിയവയെല്ലാം കണക്കിലെടുത്താണ് (മുടക്കു മുതലുമായി ബന്ധപ്പെട്ടല്ല) തൊഴിൽ കണക്കാക്കുന്നത്. ഇവിടെ 33,300 തൊഴിൽ കിട്ടുമെന്ന് സർക്കാർ വളരെ കൃത്യമായി പറയുന്നു. ഈ സിറ്റിയിൽ ഏതെല്ലാം തരത്തിലുള്ള, ആരുടെയെല്ലാം ഉടമസ്ഥതയിലുള്ള കമ്പനികൾ വരുമെന്ന യാതൊരു കണക്കും ആരുടെ കൈവശവുമില്ല. അതിപ്പോൾ ആർക്കും പറയാനും പറ്റില്ല. ഇതിനും പുറമെ ഐ.ടി. മേഖലയുടെ വൈവിദ്ധ്യവും അസ്ഥിരതയും കൂടി കണക്കിലെടുക്കണം. ഇതൊന്നുമില്ലാതെ ഈ കണക്കു പറയുന്നതെങ്ങനെ ? ഇത് ഈ പദ്ധതിയിലെ ഒരു പ്രധാന തട്ടിപ്പാണ്.

അതിവേഗത്തിൽ ഉണ്ടാകുന്ന വളർച്ചയും കാലഹരണപ്പെടലും ഈ രംഗത്തിന്റെ സവിശേഷതകളാണ്. ഇതു മൂലംതന്നെ പല കമ്പനികളും കണ്ണടച്ചു തുറക്കുന്നതിനുമുമ്പില്ലാതാകും. സിലിക്കൺ വാലിയെന്ന ഐ.ടി. പറുദീസയിൽത്തന്നെ, പ്രതിദിനം ശരാശരി മൂന്നു കമ്പനികളെങ്കിലും അടയ്ക്കുന്നുണ്ട്. (ചില പുതിയ കമ്പനികൾ തുറക്കുന്നുമുണ്ടാകാം. എന്നാൽ പഴയവയിൽ തൊഴിൽ ചെയ്തിരുന്നവർ തെരുവാധാരമാകും!) ബാംഗ്ലൂരിൽ തന്നെ കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങളിലായി ഐ.ടി. രംഗത്ത് തൊഴിൽ നഷ്ടപ്പെട്ടവരുടെയും ശമ്പളം കുത്തനെ കുറഞ്ഞവരുടെയും എണ്ണം പതിനായിരക്കണക്കിനാണ്. തിരുവനന്തപുരത്തെ ഐ.ടി. പാർക്കിൽ പൂട്ടിയ കമ്പനികളുടെയും അതിൽ തൊഴിൽ നഷ്ടപ്പെട്ടവരുടെയും എണ്ണമെങ്കിലും സർക്കാർ എടുക്കണമായിരുന്നു. ഇതുകൊണ്ടെല്ലാം തന്നെ, ഒരു ഭരണകൂടം, തങ്ങളുടെ വ്യവസായ നയത്തിന്റെ അടിത്തറയായി ഐ.ടി., ടൂറിസം മുതലായവയെ കാണുന്നതുതന്നെ ശരിയല്ല. അടിസ്ഥാന മേഖലകളായ കൃഷി, വ്യവസായം മുതലായവ പോലെയല്ല ഇവയെന്നർത്ഥം.

ഐ.ടി. മേഖലയിലെ തൊഴിലിന്റെ സ്വഭാവം, വരുമാനം എന്നിവയിലും ആനയും ഉറുമ്പും തമ്മിലുള്ളത്ര വൈജാത്യമുണ്ട്. ഇതിനെല്ലാം പുറമെ, മുതലാളിക്ക് ഏതുസമയത്തും ശമ്പളം നൽകാതെപോലും പണിയെടുപ്പിക്കാനും പറഞ്ഞു വിടാനും കഴിയുന്ന വിധത്തിൽ, തൊഴിൽ നിയമങ്ങളൊന്നും ബാധകമാകാത്ത മേഖലയായിരിക്കും ഇതെന്നും ഓർക്കണം. എന്നിട്ടും സർക്കാർ ഈ 33300 എന്ന സംഖ്യ പറയുന്നതെങ്ങനെ ? അതിനൊരൊറ്റ കാരണമേയുള്ളൂ. നൂറേക്കർ ഭൂമി തീർത്തും സൗജന്യമായി ഇവർക്കു നൽകുന്നു. (ബാക്കി ഭൂമി 'സൗജന്യനിരക്കിലും') നൂറു തൊഴിൽ നൽകുന്ന കമ്പനികൾക്ക് 30 സെന്റ് ഭൂമി സൗജന്യമായി നൽകുമെന്ന് (ആരുടെ ഉപദേശം കൊണ്ടോ എന്തോ) ഇവർ തങ്ങളുടെ ഐ.ടി. നയത്തിൽ എഴുതി വച്ചു പോയി. (ഇത് ഒരേക്കറെന്നോ രണ്ടേക്കറെന്നോ എഴുതാതിരുന്നത് ഭാഗ്യം ... നമുക്ക്) ഇങ്ങനെ നൂറേക്കർ നൽകുമ്പോൾ ഉണ്ടാകേണ്ട തൊഴിലവസരങ്ങളുടെ എണ്ണമാണ്, 33333. ഇതൊരു കണക്കൊപ്പിച്ച് 33300 എന്നു പറയുന്നുവെന്നു മാത്രം.

ഈ തൊഴിൽ ലഭ്യത പത്തു വർഷത്തിനകം ഉണ്ടായാൽ മതി. ആദ്യ അഞ്ചുവർഷം 5000 പേർക്കുമാത്രം. അടുത്ത രണ്ടുവർഷം പതിനായിരവും അവസാന മൂന്നുവർഷം 18,300 ഉം. (ഇതിനൊന്നും ഒരു യുക്തിയുമില്ല കേട്ടോ) ആകെ പറയുന്നത്, ഈ തൊഴിൽ നൽകാനായില്ലെങ്കിൽ കുറവുള്ള ഓരോ തൊഴിലിനും ഡി.ഐ.സി (ദുബായ് കമ്പനി) 6000 രൂപ നഷ്ടപരിഹാരം നൽകണം എന്നാണ്. ഇത്ര അപഹാസ്യമായ ഒരു പിഴ ശിക്ഷ ലോകത്തെവിടെയുമുണ്ടാകില്ല. കൊന്ന ഓരോ ആനക്കും മനുഷ്യനും അമ്പതു രൂപ പിഴയടക്കാൻ വീരപ്പനോട് പറയുന്നതു പോലെയാണിത്. ഇതുകേട്ട് വീരപ്പൻ നല്ലവനായി മാറിയാലോ ? ഈ കരാർ വ്യവസ്ഥ വായിച്ച് കമ്പനിക്കാർ തന്നെ പൊട്ടിച്ചിരിച്ചിരിക്കും. പത്തു വർഷത്തിനുശേഷം ഒരാൾക്കുപോലും തൊഴിൽ നൽകാതിരുന്നാൽതന്നെ, അവർ പിഴ നൽകേണ്ട തുക വെറും 20 കോടി രൂപമാത്രം. ഇതിനകം ഏറ്റവും കുറഞ്ഞത് മുന്നൂറേക്കർ ഭൂമിയും 4 ലക്ഷം ചതു. അടി കെട്ടിടവും പത്തു വർഷം കൈവശത്തിൽ കിട്ടുകയും അത് മറിച്ചും മുറിച്ചും വിറ്റ് ആയിരക്കണക്കിനു കോടി രൂപ സമ്പാദിക്കുകയും ചെയ്തു കഴിയുമ്പോൾ വെറും 20 കോടി രൂപ നഷ്ട പരിഹാരം നൽകണമെന്നു പറഞ്ഞാൽ ആർക്കാണ് ചിരി വരാതിരിക്കുക ? യാതൊന്നും ചെയ്യാതെയിരുന്നാൽത്തന്നെ, ഇപ്പോഴത്തെ ഇൻഫോ പാർക്കിൽനിന്നും പ്രതിവർഷം ഏഴുകോടി രൂപ വാടകയിനത്തിൽ സർക്കാരിനു കിട്ടുന്ന തുക മാത്രമെടുത്താൽത്തന്നെ 70 കോടി ഇവർക്കു കിട്ടും. ഇത്രയും ഭൂമിക്ക് പത്തു വർഷം കൊണ്ടുണ്ടാകുന്ന വില വർദ്ധന മാത്രം കണക്കിലെടുത്താൽ നാലായിരത്തിലധികം കോടി രൂപയാകുമല്ലോ. വീണ്ടും മുഖ്യമന്ത്രിയോട് ഒരു വെല്ലുവിളി നടത്തട്ടെ. പത്തുവർഷം കൊണ്ട് ഇത്ര തൊഴിൽ നൽകാനായില്ലെങ്കിൽ ഈ പദ്ധതിക്കു വേണ്ടി സർക്കാർ നൽകിയ ഭൂമിയും കെട്ടിടവും തിരിച്ചു പിടിക്കുമെന്ന വ്യവസ്ഥ വയ്ക്കാൻ സർക്കാർ തയ്യാറാകുമോ ?

കേരളത്തിലെ പ്രതിപക്ഷനേതാവ് ഇതേ ആവശ്യം ആദ്യം ഉന്നയിച്ചിരുന്നു. ചർച്ചയിൽ ഇക്കാര്യം പരിഗണിക്കാമെന്ന് മുഖ്യമന്ത്രി പറയുകയും ചെയ്തു. എന്നാൽ വളരെപ്പെട്ടെന്നുതന്നെ അദ്ദേഹം നിലപാട് മാറ്റി. കാരണം വ്യക്തമാണ്. ഈ വ്യവസ്ഥവച്ചാൽ പിന്നെ റിയൽ എസ്റ്റേറ്റ് കമ്പനികൾക്കെന്തു ലാഭം? പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടത് 'സൗജന്യമായി' നൽകുന്ന നൂറേക്കൽ ഭൂമിയുടെ കാര്യം മാത്രമാണ്. എന്നാൽ, ഇതിന്റെകൂടെ നൽകുന്ന 200 ഏക്കറോളം വരുന്ന ഭൂമിയും ഇൻഫോപാർക്കും അവർക്ക് സ്വന്തം. ഈ കടമ്പ കടക്കുന്നതിനുവേണ്ടി നൂറേക്കൽ സ്ഥലം തന്നെ 'വിലയിട്ട്' വിൽക്കാനും ചിന്തിക്കുന്നുണ്ട് സർക്കാർ. ഏക്കറിന് ഒരു രൂപയെന്നതാണത്രേ വില. ഏറെ വാശിപിടിച്ച പ്രതിപക്ഷവും ഇപ്പോൾ അയഞ്ഞ മട്ടാണ്. ഭൂമിയല്ല, നിലവിലുള്ള ഇൻഫോപാർക്ക് വിട്ടുകൊടുക്കരുതെന്നു മാത്രമായി അവരുടെ ആവശ്യം ചുരുങ്ങിയിട്ടുമുണ്ട്.

ഐ.ടി കമ്പനികൾക്ക് ഈ ഇടപാടിൽ കാര്യമായ നേട്ടമൊന്നുമുണ്ടാകാനും സാദ്ധ്യതയില്ല. അവർ വിലയ്ക്കോ വാടകയ്ക്കോ ഭൂമിയോ കെട്ടിടമോ വാങ്ങിയാകും സ്ഥാപനമുണ്ടാക്കുക. (ഈ സൗജന്യങ്ങളുടെ ചെറിയ ഭാഗം പോലും അവർക്കു കിട്ടില്ല) സ്വന്തം പണം മുടക്കി സ്ഥാപനം തുടങ്ങുന്നവരോട്, അവിടെ എത്ര പേർക്ക്, ഏതെല്ലാം വിധത്തിലും ശമ്പളത്തിലുമുള്ള തൊഴിൽ നൽകണമെന്ന് ആജ്ഞാപിക്കാൻ ഈ റിയൽ എസ്റ്റേറ്റ് (ഡി.ഐ.സി.) കമ്പനിക്കെങ്ങനെ കഴിയും ? സർക്കാരിന് ഐ.ടി. കമ്പനികളു

മായി നേരിട്ടൊരു ബന്ധവുമില്ലല്ലോ. ഡി.ഐ.സി. യുമായാണ് കരാർ. ഇതിനെന്തു വിലയുണ്ട് ? കമ്പനി നടത്തുന്നവർക്ക് എന്തു നഷ്ടം വന്നാലും ഇത്ര പേർക്ക് തൊഴിൽ നൽകണമെന്നു പറയാനാകുമോ ? 'ഞാൻ പണം കൊടുത്ത വാങ്ങിയ സ്ഥലത്ത് എന്തു ചെയ്യണമെന്ന് ഞാൻ തീരുമാനിക്കും' എന്നൊരു സ്ഥാപനമോ വ്യക്തിയോ പറഞ്ഞാൽ അവരെ എങ്ങനെ നിയന്ത്രിക്കും ? ഈ 'തൊഴിലുറപ്പ്' ഒരു 'കുറുപ്പിന്റെ ഉറപ്പു' പോലുമല്ല.

ഇനിയൊരു സ്ഥാപനം കുറെപ്പേർക്ക് തൊഴിൽ നൽകിയെന്നു തന്നെ വയ്ക്കുക. ചില മാസങ്ങൾ കഴിഞ്ഞാൽ അയാൾ അവരെ പിരിച്ചു വിടുകയോ കമ്പനി തന്നെ അടച്ചു പൂട്ടുകയോ ചെയ്താലോ ? ഇയാൾ നൽകിയ തൊഴിൽ 33300 ൽ പെട്ടതായി കണക്കാക്കുമോ ? അങ്ങനെയെങ്കിൽ എളുപ്പമാണ്. ഒന്നോരണ്ടോ ഏക്കർ ഭൂമി കിട്ടിയാൽ അതിനനുസരിച്ച് നൂറോ ഇരുനൂറോ പേർക്ക് രണ്ടു മൂന്നു മാസം (പണിയൊന്നമില്ലെങ്കിലും) ആയിരമോ രണ്ടായിരമോ ശമ്പളം നൽകുക. പിന്നീടവരെ പിരിച്ചു വിടുക. മറ്റൊരു പേരിൽ ഇത് രണ്ടുമൂന്നു തവണ ആവർത്തിക്കുക. രണ്ടേക്കർ ഭൂമി കിട്ടിയ ആൾ ഒരു വർഷം കൊണ്ട് 'അറുനൂറു പേർക്ക് തൊഴിൽ നൽകി' ക്കഴിഞ്ഞു. പിന്നെ ആ ഭൂമി സെന്റിന് നാലോ അഞ്ചോ ലക്ഷത്തിന് മുറിച്ചു വിൽക്കാം. എട്ടോ പത്തോ കോടി കയ്യിലിരിക്കും. മുഖ്യമന്ത്രിയെ കോരിത്തരിപ്പിച്ച ഡി.ഐ.സി. യുടെ ദുബായ് സ്ഥാപനത്തിൽ ആകെ ജോലി ചെയ്യുന്നത് വെറും 5000 പേർ മാത്രം! ഇത്തരം ചോദ്യങ്ങളെല്ലാം 'അസൗകര്യ' പ്രദങ്ങളായതിനാൽ... ഇവയൊക്കെ വികസന വിരുദ്ധമാണെന്നാകും മറുപടി കിട്ടുക. ജിമ്മിന്റെ കാലത്തും ഇതുണ്ടായി. ഓരോ പദ്ധതികളുടെയും സാദ്ധ്യതകളും പ്രശ്നങ്ങളും സംബന്ധിച്ചുയർത്തിയ ചോദ്യങ്ങളെ, 'വികസനത്തിനു തടസക്കാർ, കാലം മാറിയതറിയാത്തവർ' എല്ലാം ആക്രോശിച്ച് മുക്കിക്കളയുകയായിരുന്നു.

പദ്ധതിയെ എതിർത്താൽ ഉടനെ തന്നെ സർക്കാരും അവരെ പിന്താങ്ങുന്ന മാധ്യമങ്ങളും പറയും, 'ഈ പദ്ധതി ഹൈദരാബാദിലേക്ക് പോകും' എന്ന്. എന്നാൽ 2003ൽ തന്നെ ഇത്തരമൊരു സ്മാർട്ട് സിറ്റി സ്ഥാപിക്കാൻ ആന്ധ്ര പ്രദേശിലെ ചന്ദ്രബാബു നായിഡു സർക്കാരുമായി ഡി.ഐ.സി. കരാറൊപ്പിട്ടതാണ്. അത്രതന്നെ. മറ്റൊന്നുമുണ്ടായില്ല. പാക്കിസ്ഥാനിലും ഡി.ഐ.സി. ഇത്തരമൊരു പദ്ധതിക്ക് ധാരണാപത്രം തയാറാക്കി. എന്നാൽ 15 ഏക്കർ ഭൂമിയിലേറെ നൽകാനാവില്ലെന്ന് അവിടത്തെ സർക്കാർ പറഞ്ഞതിനെ തുടർന്നാണ് ഇവർ സ്ഥലം വിട്ടത്.

കൊച്ചിയിൽ സ്മാർട്ട് സിറ്റി സ്ഥാപിച്ചാൽ അടുത്ത ഇരുപതു വർഷക്കാലത്തേക്ക് ആലപ്പുഴ മുതൽ കോഴിക്കോടു വരെയുള്ള പ്രദേശത്ത് ഇത്തരത്തിലൊന്ന് സ്ഥാപിക്കില്ലെന്ന് സർക്കാർ ഉറപ്പുനൽകണമെന്നൊരു വ്യവസ്ഥ അവർ ഉന്നയിച്ചു. സർക്കാർ അത് സമ്മതിക്കുകയും ചെയ്തു. ഈ വിവരം പുറത്തുവന്നപ്പോൾ ശക്തമായ എതിർപ്പുണ്ടായി. ഇത് ലഘൂകരിച്ച് കൊച്ചി പ്രദേശത്തേക്ക് മാത്രമായി ഈ നിയന്ത്രണം ചുരുക്കിയെന്ന് മുഖ്യമന്ത്രി പറയുന്നു. എന്നാൽ, അതുകൊണ്ടു കാര്യമില്ല. ഇന്റർനെറ്റ് ശൃംഖലയുടെ അന്താരാഷ്ട്ര ഭൂപടത്തിൽ കൊച്ചിക്ക് നിർണായക സ്ഥാനമുണ്ട്. ഈ ശൃംഖലയുടെ നട്ടെല്ലെന്നു വിളിക്കുന്ന കേബിൾ കടന്നുപോകുന്നത് കൊച്ചിക്കു താഴെകൂടിയാണ്. ഏറ്റവുമെളുപ്പത്തിൽ ശൃംഖലയുമായി ബന്ധപ്പെടാൻ കഴിയുന്നത് (ഇന്ത്യയിൽ ഏത് സ്ഥലത്തെക്കാളും എളുപ്പത്തിൽ) കൊച്ചിയിൽ നിന്നാണ്. അവിടെ മറ്റു ഐ.ടി.പാർക്കുകൾ വരരുതെന്നു നിബന്ധന വയ്ക്കുക വഴി കൊച്ചിയുടെ ഐ.ടി.രംഗത്തെ വികസന സാദ്ധ്യതകളെ തുരങ്കംവയ്ക്കുകയാണ്. ചെറിയതും വലിയതുമായ ഒട്ടേറെ ഐ.ടി.കമ്പനികൾ ഇപ്പോൾതന്നെ പ്രവർത്തിക്കുന്നതും ഇനിയും വരാൻ സാദ്ധ്യതയുള്ളതുമായ കൊച്ചിയെ സർക്കാർ വിൽക്കുകതന്നെയാണ്. പുതിയ കമ്പനികളെല്ലാം ഇനി സ്മാർട്ട് സിറ്റിയിൽ മാത്രം സ്ഥാപിക്കേണ്ടിവരും.

ഇത്തരം ചോദ്യങ്ങൾക്ക് വസ്തുനിഷ്ഠവും യുക്തിസഹജമായ മറുപടി നൽകാൻ സർക്കാർ തയ്യാറാണോ ? ഒരു ചതു. കി. മീറ്ററിൽ 850 ഓളം മനുഷ്യർ ജീവിക്കുന്ന കേരളത്തിലെ ഭൂവിനിയോഗം ഏറെ ശ്രദ്ധയോടെ ചെയ്യേണ്ട ഒന്നാണ്. മുമ്പു സൂചിപ്പിച്ചതുപോലെ സർക്കാർ 'ഐ.ടി. നയം' എന്നു പറഞ്ഞതു കൊണ്ടായില്ല. ഇത്രയധികം ഭൂമികൊണ്ട് ഇതിനേക്കാൾ സുസ്ഥിരമായ വരുമാനവും തൊഴിലും ലഭിക്കുന്നത മറ്റേതെങ്കിലും സാദ്ധ്യതയുണ്ടോയെന്ന് ആരായേണ്ടതല്ലേ ?

**തട്ടിപ്പിന്റെ വലുപ്പം**

ഐ.ടി. കമ്പനി വന്നാലും വന്നില്ലെങ്കിലും നിന്നാലും നിന്നില്ലെങ്കിലും ഈ ദുബായ് കമ്പനിക്ക് ആദ്യഘട്ടത്തിൽ മുന്നൂറും (കൃത്യമായി പറഞ്ഞാൽ 298.27) പിന്നീട് രണ്ടു ഘട്ടങ്ങളിലായി 'അതിവേഗ'ത്തിൽ നൂറ്റമ്പതു വീതവും ചേർത്ത് അറുനൂറോളം ഏക്കർ ഭൂമി സ്വന്തമായി കിട്ടുന്നു. ഒരു കാരണവശാലും ഇതവർക്ക് നഷ്ടപ്പെടില്ല. കൂടെ ഒരു കെട്ടിടവും. ഇവിടത്തെ ഭൂമിയുടെ ഇപ്പോഴത്തെ കമ്പോള വില ശരാശരി സെന്റിന് 2 ലക്ഷം രൂപക്കടുത്താണ്. അതായത് 1200 കോടി (അറുനൂറ് ഏക്കർ കൂടെ കെട്ടിടവും) രൂപയുടം ആസ്തി ഇവർക്കു കിട്ടും. ആദ്യത്തെ നൂറേക്കർ സൗജന്യം. പിന്നീട് കെട്ടിടവും 62.27 ഏക്കർ 109 കോടിക്കും പിന്നീട് 136 ഏക്കർ 36 കോടി രൂപക്കും നൽകുമെന്നാണു വ്യവസ്ഥ. ഇത്രയും ഭൂമിയുടെ മാത്രം (300 ഏക്കർ) കമ്പോള വില 600 കോടി വരുന്നു. ഇതിനവർ നൽകുന്നത് 145 കോടിയും. ഇതും പണമായി നൽകേണ്ടതില്ല. സർക്കാരിന് ഈ പദ്ധതിയിൽ ഉള്ള ഓഹരി 9 ശതമാനമായി കണക്കാക്കി ഇതിൽനിന്നും 135 കോടി അവരെടുക്കും. ഇതിനുവേണ്ടി മറ്റൊരു കള്ളക്കണക്കുണ്ടാക്കുന്നു. പദ്ധതിയുടെ ആകെ മൂലധനം 1500 കോടിയെന്നു പ്രഖ്യാപിക്കുന്നു. അതിന്റെ 9 ശതമാനം (എന്താണിതിന്റെ ന്യായം?) സർക്കാരിനു നൽകുന്നു. ഇത് ഭൂമിവില നൽകാതിരിക്കാനുള്ള അടവു മാത്രമാണ്.

പദ്ധതിയുടെ മൂലധന ചിലവ് 1500 കോടിയെന്നത് ആര് എങ്ങനെ കണക്കാക്കി? സാധാരണ നിക്ഷേപ മൂലധനം, ഭൂമി, കെട്ടിടം, യന്ത്രസാമഗ്രികൾ മുതലായവക്കു വേണ്ടിയാണ് ചിലവാക്കുന്നത്. സർക്കാർ നൽകുന്ന 135 കോടി കഴിച്ചുള്ള 1365 കോടി ആരാണിറക്കുന്നത് ? എങ്ങനെ ചിലവാക്കുന്നു ? ഇതിന്റെ പദ്ധതി റിപ്പോർട്ട് ഉണ്ടോ ? ഏറ്റവും കുറച്ച് പ്രാഥമിക മൂലധനം ആവശ്യമായ ഒരു വ്യവസായമാണ് ഐ.ടി. കെട്ടിടവും കമ്പ്യൂട്ടറുകളും മാത്രമേ അതിനു പ്രധാനമായി ആവശ്യമുള്ളൂ. ഈ നിക്ഷേപകർ എത്ര വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കും? കമ്പ്യൂട്ടറും മറ്റ് അനുബന്ധ സാമഗ്രികളും ഐ.ടി. കമ്പനികൾ തന്നെ കൊണ്ടുവരുമെന്നതിനാൽ ഡി.ഐ.സി. ഒന്നും ചിലവാ

ക്കേണ്ടി വരില്ല. ഇതിനർത്ഥം, ഡി.ഐ.സി. കാര്യമായൊന്നും മുടക്കില്ല. സർക്കാർ നൽകുന്ന ഭൂമിയിൽ ചില കെട്ടിടങ്ങൾ നിർമ്മിച്ചാലായി. അതിന് കൂടിയാൽ പത്തോ അമ്പതോ കോടി ധാരാളം മതിയാകും. അപ്പോൾ മൂലധനം 1500 കോടിയുള്ള ഒരു സ്ഥാപനം ഇവിടെയില്ല. ഓഹരിക്കണക്കിലും അർത്ഥമില്ല. ഡി.ഐ.സി. ക്ക് ഭൂമി വില തൽക്കാലം നൽകാതിരിക്കാനുള്ള ഒരടവു മാത്രമാണിത്. എന്നാൽ സർക്കാർ പണം മുടക്കുമ്പോൾ അതിത്ര വ്യവസ്ഥയില്ലാത്ത ഒരു സംവിധാനത്തിലാകാമോ ? നാട്ടുകാരുടെ സമ്പത്തല്ലേയിത് ? ചുരുക്കത്തിൽ മുതൽ മുടക്ക്, ഓഹരി, തൊഴിൽ ലഭ്യത തുടങ്ങിയവയെല്ലാം തട്ടിപ്പ് കണക്കുകളാണ്. സർക്കാർ പണം മുടക്കുന്ന ഈ കമ്പനിയുടെ ഘടനയെന്താണ്? അതിൽ എത്ര ഡയറക്ടർമാരുണ്ട്? സർക്കാർ പ്രതിനിധി ഡയറക്ടറായിരിക്കുമോ? ഇതൊരു കമ്പനിയായിരിക്കുമോ? പ്രതിവർഷം ഇപ്പോൾത്തന്നെ 7 കോടി രൂപ വരുമാനം കിട്ടുന്ന ഇൻഫോ പാർക്ക് കൈമാറുമ്പോൾ, അത്രയെങ്കിലും വരുമാനം ഉണ്ടാകുമെന്ന ഉറപ്പ് സർക്കാരിനില്ല. ഇങ്ങനെ നിരവധി ചോദ്യങ്ങൾ നമ്മുടെ മുന്നിലുണ്ട്.

കമ്പനിയിൽ സർക്കാർ ഓഹരി എന്തുകൊണ്ട് 9 ശതമാനമാക്കി നിർത്തുന്നു? ഒരേയൊരു കാരണം മാത്രം. അത് 10 ശതമാനമായാൽ നിലവിലുള്ള നിയമമനുസരിച്ച് സർക്കാർ പ്രതിനിധി ഡയറക്ടർ ബോർഡിൽ വേണം. അതൊഴിവാക്കണമല്ലോ.

ഇതിനൊന്നും മറുപടി പറയാതെ, ആയിരക്കണക്കിനു കോടി രൂപ വിലയുള്ള ആസ്തി ഒരു റിയൽ എസ്റ്റേറ്റ് കമ്പനിക്ക് കൈമാറുന്ന ഒരു മറ മാത്രമായ പദ്ധതിക്കു വേണ്ടി ഭരണകർത്താക്കൾ ആവേശം കാണിക്കുന്നതെന്തുകൊണ്ട്? ഇവിടെയാണ് അഴിമതിയുടെ ഭീകരമുഖം നാം കാണുന്നത്. ഈ ദുബായ് കമ്പനിയുടെ മറവിൽ വലിയൊരു ഭാഗം പണവും അഴിമതിയിലൂടെ ലഭിക്കുക, നമ്മുടെ രാഷ്ട്രീയ പ്രമുഖർക്കും ഉദ്യോഗസ്ഥർക്കും മറ്റുമാണ് എന്നതിനാലാണ് ഈ ആവേശം എന്നു തിരിച്ചറിയാൻ ഏറെ ബുദ്ധിമുട്ടില്ല. പെരിയാർ, കരിമണൽ തുടങ്ങിയ വിൽപന പദ്ധതികളിലും നാമിതു കണ്ടതാണ്.

ഈ ആരോപണം മറികടക്കാൻ പുതിയൊരടവുമായി സർക്കാർ രംഗത്തെത്തി. ഇതുവരെ പേരു കേട്ടിരുന്ന ദുബായ് കമ്പനിക്കു പകരം ടെകോം എന്ന മറ്റൊരു കമ്പനിയാണ് കരാർ ഒപ്പിടുന്നതെന്നും ഇത് ദുബായ് സർക്കാരിന്റെ സ്ഥാപനമാണെന്നുമാണ് പുതിയ വാദം. ഡി.ഐ.സി. യെന്നത് ടെകോം കമ്പനിയുടെ ഭാഗമാണെന്നതിന് യാതൊരു തെളിവുമില്ല. ദുബായിലെ ഏതു കമ്പനിയുടെയും രേഖയിലെ ഉടമസ്ഥൻ ഒരു തദ്ദേശവാസി (സ്പോൺസർ) ആയിരിക്കും. അത് മിക്കവാറും അവിടത്തെ രാജകുടുംബവുമായി ബന്ധപ്പെട്ടവരുമായിരിക്കും. അവയെല്ലാം സർക്കാർ കമ്പനിയാണെന്നു പറയാനാകുമോ ? ദുബായ് സർക്കാരും കേരള സർക്കാരുമായാണ് കരാർ ഒപ്പിടുന്നതെങ്കിൽ, അവിടത്തെ മന്ത്രിയോ സർക്കാർ ഉദ്യോഗസ്ഥരോ അല്ലേ ഒപ്പിടേണ്ടത് ? സർക്കാർ - സർക്കാർ കരാറാണെങ്കിൽ ദേശീയ സർക്കാരിന്റെ അനുമതി ആവശ്യമില്ലേ ? കേരള നിയമസഭയുടെയെങ്കിലും അംഗീകാരം ആവശ്യമില്ലേ ? നിയമസഭയിൽ പോലും വിവരങ്ങൾ വയ്ക്കാതെ ഇത്തരമൊരു ധാരണാപത്രം ഒപ്പിടുന്നതു ശരിയോ ?

**വികസനം**

ഐ.ടി. വലിയ ലാഭമുണ്ടാകുന്ന വ്യവസായമാണെന്നാണല്ലോ പറയുന്നത്, വിശേഷിച്ചും കൂലി നിരക്ക് വളരെ കുറവായ ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ. അവർക്ക് ഇത്ര കൂടിയ സൗജന്യങ്ങൾ സർക്കാർ നല്കുന്നതെന്തിന് ? ലോകം മാറുന്നു, ആഗോളവൽക്കരണവും സ്വകാര്യവൽക്കരണവും വ്യാപകമാകുന്നു, സർക്കാരുകൾ എല്ലാത്തിൽനിന്നും പിന്മാറുകയും സ്വതന്ത്രകമ്പോളത്തിന്റെ നിയന്ത്രണത്തിനു വിടുകയും വേണമെന്നു പറഞ്ഞുകൊണ്ട് ദരിദ്രന് ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം, സാമൂഹ്യസുരക്ഷ മുതലായവ നൽകുന്നത് നിർത്തിവയ്ക്കുന്നവർ, സ്വാശ്രയ കോളേജ്, ജലനിധി മുതലായവ നടപ്പിലാക്കുന്നവർ, സർക്കാർ സ്കൂളിൽ ഉച്ചക്കഞ്ഞി നൽകാൻ, കർഷകന് സഹായം നൽകാൻ പണമില്ലെന്നു പറയുന്നവർ, സമ്പന്നന്റെ വരുമാനം വർദ്ധിപ്പിക്കുന്നതും അവർക്ക് സുഖസൗകര്യങ്ങൾ നൽകുന്നതുമായ മേഖലകളായ ഐ.ടിക്കും ടൂറിസത്തിനും ഇത്രയേറെ സൗജന്യങ്ങൾ നൽകുന്നതിന്റെ യുക്തിയെന്താണ് ? കാലം മാറുന്നുവെന്നതിനർത്ഥം, ഇനിമേൽ സർക്കാരിന്റെ സംരക്ഷണവും സഹായവും സമ്പന്നർക്കു മാത്രമായിരിക്കും എന്നതാണോ ? 'സർക്കാർ ഒരു നിയന്ത്രണവും ഏർപ്പെടുത്താത്ത സ്വാശ്രയ കമ്പോള വ്യവസ്ഥ' യെന്നാൽ സമ്പന്നർക്ക് വീടു വയ്ക്കാനുള്ള ഭൂമി, ദരിദ്രനെ കുടിയൊഴിപ്പിച്ച് സൗജന്യമായി നൽകുകയെന്നതാണോ ?

വികസനവും തൊഴിലും ഉണ്ടാകാൻ നാം അൽപം 'ത്യാഗം' ചെയ്യണമെന്നു മുഖ്യമന്ത്രി പറയുന്നു. ആർക്ക് വികസനവും തൊഴിലുമുണ്ടാകുന്നു, ആരു ത്യാഗം ചെയ്യുന്നു വെന്നതാണ് പ്രശ്നം. ഇവിടെ കിട്ടുമെന്നു പറയുന്ന 33300 തൊഴിൽ, സമൂഹത്തിലെ (കേരളീയർക്കു തന്നെയാകണമെന്നില്ല) ഉയർന്ന വിഭാഗക്കാർക്കാണ് കിട്ടുക. ഈ തൊഴിലിനുവേണ്ടി ആയിരം കോടി രൂപയുടെ സൗജന്യമാണ് സർക്കാർ നൽകുന്നത്. (ഇത് കമ്പോള വിലയാണ്) അതായത് ഒരു തൊഴിലിന് 30 ലക്ഷം രൂപ സർക്കാർ നൽകുന്നു. (ഇവരുടെ ഐ.ടി. നയം വച്ച് ഇത് പരമാവധി 20000 രൂപ മാത്രമാണ്. ഇതൊപ്പിക്കാനും കൂടിയാണ് ഭൂമിവില കുറച്ചു കാണിക്കുന്നത്) എന്നാൽ നൽകുന്നത് ഇതിന്റെ 15 മടങ്ങാണ്.

ഇത്രയേറെ സമരങ്ങളുടേയും സംവാദങ്ങളുടേയും ഫലമായി സർക്കാർ പല വ്യവസ്ഥകളും മാറ്റാൻ തയാറായിട്ടുണ്ട്. നൂറേക്കർ ഭൂമി സൗജന്യമായി നൽകുകയല്ല 99 വർഷത്തെ പാട്ടത്തിനു നൽകുന്നു. ഇതുകൂടാതെ തൊഴിൽ നൽകിയില്ലെങ്കിൽ ഈ ഭൂമി തിരിച്ചുപിടിക്കാനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് മന്ത്രിസഭാ യോഗത്തിനുശേഷം (ആഗസ്റ്റ് 10) മുഖ്യമന്ത്രി പറഞ്ഞു. ഈ വ്യവസ്ഥവച്ചാൽ കരാറുണ്ടാകില്ലെന്നു പറഞ്ഞയാളാണ് ഇദ്ദേഹം എന്നതും ഓർക്കാം. പക്ഷെ, ഇതുകൊണ്ടു വലിയ കാര്യമുണ്ടാകുമെന്നു തോന്നുന്നില്ല. സമ്പന്നർക്ക് സുഖവാസത്തിനുള്ള 198 ഏക്കർ ഭൂമിയും ഇൻഫോ പാർക്കും വിലയ്ക്കാണ് നൽകുന്നത്. അത് ഒരുവിധത്തിലും തിരിച്ചുപിടിക്കാനാവില്ല. നൂറേക്കർ ഭൂമിതന്നെ 99 വർഷത്തെ പാട്ടത്തിനാണ് നല്കുന്നത്. പത്തുവർഷത്തിനകം ഒരു തൊഴിലും നൽകിയില്ലെങ്കിൽ ഇതെങ്ങനെ തിരിച്ചുപിടിക്കും? 99 വർഷം കഴിയേണ്ടിവരില്ലേ? തന്നെയുമല്ല അതിനകം അവിടെ സ്ഥലംവാങ്ങി

അതിസമ്പന്നവിഭാഗം വീടുവച്ച് താമസം തുടങ്ങിയിരിക്കും. അവരെ അവിടെന്ന് കുടിയൊഴിപ്പിക്കാൻ 'ധൈര്യമുള്ള' ഒരു സർക്കാർ (ഏതു കക്ഷിയായാലും) ഇവിടെയുണ്ടാകുമോ? ഫലത്തിൽ ഭൂമി അവരുടെ കൈയിലിരിക്കും. സർക്കാർ ഓഹരി ഒരു കാരണവശാലും വർദ്ധിപ്പിക്കില്ലെന്നുള്ള വാശി തുടരുന്നു. ആലപ്പുഴ മുതൽ കോഴിക്കോടുവരെ മറ്റൊരു ഐ.ടി.പാർക്കും വരരുത് എന്ന നിബന്ധന മാറ്റിയെങ്കിലും കൊച്ചിയിലും 'സമീപപ്രദേശത്തും' എന്നത് തുടരുന്നുണ്ട്. മറ്റൊരു മാറ്റവുമില്ല.

ഇതിൽ ഒരു തൊഴിലിനു നൽകുന്ന സബ്സിഡി (30 ലക്ഷം രൂപ) ഉണ്ടെങ്കിൽ സുനാമി ബാധിച്ച 20 പേർക്ക് വീടുവച്ചു നൽകാം, നൂറോളം പരമ്പരാഗത മേഖലാ തൊഴിലാളികൾക്ക് സ്ഥിരമായി തൊഴിൽ നൽകാം. അമ്പത് കർഷകരുടെ കടബാദ്ധ്യത ഒഴിവാക്കാം. ഇവയെല്ലാം സ്ഥിരമായവയാണ്. ഗാന്ധിജിയുടെ ഖദർ ഇപ്പോഴും ധരിക്കുന്ന വ്യക്തിയാണല്ലോ മുഖ്യമന്ത്രി. രാഷ്ട്രപിതാവിന്റെ ഏറ്റവും പ്രധാനമായ ഒരുപദേശം, "തങ്ങളുടെ ഒരു നയം ശരിയാണോയെന്നറിയാൻ, മുന്നിൽ കാണാവുന്ന ഏറ്റവും ദരിദ്രനായ മനുഷ്യന് അതു ഗുണകരമാണോയെന്നു നോക്കി, അങ്ങനെയാണെങ്കിൽ അതു ചെയ്യുക" എന്നതാണല്ലോ. ഇവിടെ മുഖ്യമന്ത്രിയുടെ മുന്നിൽ കാണുന്ന ഏറ്റവും ദരിദ്രനായ വ്യക്തി, മൈക്രോ സോഫ്ടിന്റെ ബിൽ ഗേറ്റ്സ് മുതൽ നമ്മുടെ മന്ത്രിമാരും ഉദ്യോഗസ്ഥരും മറ്റുമാണെന്ന് തോന്നുന്നു. കർഷകരോ പരമ്പരാഗത - തോട്ടം - മത്സ്യമേഖലാ തൊഴിലാളികളോ സുനാമി ബാധിതരോ അല്ലായിരിക്കാം. കയർ തൊഴിലാളിയേക്കാൾ സ്വാശ്രയ എൻജിനീയറിങ്ങ് കോളേജിൽ കോഴ നൽകി പാസായി പുറത്തു വരുന്നവരാകാം അദ്ദേഹത്തിന്റെ കണ്ണിൽ മുൻഗണനയർഹിക്കുന്നവർ. പക്ഷെ ഇവർക്കും ഗാന്ധിജിയോട് കടുത്ത പ്രേമമാണെന്നത് സത്യം. പക്ഷെ അത് കറൻസി നോട്ടിൽ അച്ചടിച്ച രാഷ്ട്രപിതാവിനോടാണെന്നു മാത്രം.


***പിൻകുറിപ്പ്: ഐ.ടി.യടക്കമുള്ള ആഗോളവൽക്കരണ രംഗത്ത് മഹത്തായ നേട്ടങ്ങൾ കൈവരിച്ചുവെന്ന് മൈക്രോ സോഫ്ട് മുതൽ മനോരമ വരെയുള്ളവർ വാനോളം പുകഴ്ത്തിയ ആന്ധ്രയിലെ ചന്ദ്രബാബു നായിഡുവിനെ അന്നാട്ടിലെ (മഹാത്മജിയുടെ ഭാഷയിൽ പറഞ്ഞാൽ) ദരിദ്രനാരായണന്മാർ ഇന്നെവിടെ കൊണ്ടിരുത്തിയിരിക്കുന്നുവെന്ന കാര്യം ഉമ്മൻ ചാണ്ടി ഓർക്കുന്നത് നന്ന്.***

*'തണൽ', കൊച്ചി-21*

• കവിത

# അഞ്ച് പൂച്ചകൾ

**കെ.ജി. അമർനാഥ്**





പൂച്ച നല്ല പൂച്ച
മാർക്സിയൻ പൂച്ച
പാലുവെച്ച പാത്രം
മിച്ചമൂല്യമാക്കി വെച്ചു



പൂച്ച നല്ല പൂച്ച
ഗാന്ധിയൻ പൂച്ച
പാലുവെച്ച പാത്രം
ശുദ്ധസത്യമാക്കി വെച്ചു



പൂച്ച നല്ല പൂച്ച
കമ്യൂണിസ്റ്റ് പൂച്ച
പാലുവെച്ച പാത്രം
വൃത്തിയാക്കി വെച്ചു

പൂച്ച നല്ല പൂച്ച
സോഷ്യലിസ്റ്റ് പൂച്ച
പാലുവെച്ച പാത്രം
ഓട്ടയാക്കി വെച്ചു



പൂച്ച നല്ല പൂച്ച
ശരിക്കും നല്ല പൂച്ച
പാലുവെച്ച പാത്രം
പശുക്കുഞ്ഞിനുതന്നെ നൽകി.

ചിത്രീകരണം : പൂജ

*കൊറമങ്ങാട്ടിൽ, ചെന്ത്രാപ്പിന്നി, തൃശൂർ-680 687*